പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.898 06.06.2018 -ലെ മറുപടിക്ക്

# കാസർഗോഡ് ജില്ലയിൽ മോഡൽ കോളനി വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ പട്ടികജാതി/ പട്ടികവർഗ്ഗങ്ങൾക്കായി അനുവദിച്ച മോഡൽ കോളനി വികസനത്തിനുള്ള ഒരു കോടി രൂപ എത്ര കോളനികൾക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | <u>**പട്ടികജാതി വികസന വകുപ്പ്**</u><br>കാസർഗോഡ് ജില്ലയിൽ പട്ടികജാതി കോളനി വികസനത്തിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ -7 ഉം അംബേദ്കർ ഗ്രാമം പദ്ധതിയിൽ-10 ഉം കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ കോളനിക്കും ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br><u>**പട്ടികവർഗ്ഗ വികസന വകുപ്പ്**</u><br>കാസർഗോഡ് ജില്ലയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽപ്പെടുത്തി 8 കോളനികളുടെ വികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്. |

| ക്രമ നം | കോളനിയുടെ പേര് | പഞ്ചായത്ത് |
|---|---|---|
| 1 | പിലികട്ല എസ്.ടി കോളനി | ചെങ്കള |
| 2 | രാമനടുക്കം - ചൂളംകല്ല് | കറ്റിക്കോൽ |
| 3 | ചീറ്റ കോളനി | കിനാനൂർ-കരിന്തളം |
| 4 | വെള്ളരിക്കയ | ദേലംപാടി |
| 5 | മേക്കോടം | കോടോം-ബേളൂർ |
| 6 | വളഞ്ഞങ്ങാനം | വെസ്റ്റ്-എളേരി |
| 7 | മാവിനക്കട്ട-കണ്ടങ്കാരടുക്ക | കമ്പള |
| 8 | വായിക്കാനം | ഈസ്റ്റ് -എളേരി |

| | | | |
|---|---|---|---|
| (ബി) | ഇതിൽ എത്ര കോളനികളിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u><br>പ്രവൃത്തി ആരംഭിച്ചത്: 7 ; പ്രവൃത്തി പൂർത്തീകരിച്ചത്: 5<br>അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>8 കോളനികളിലെയും ഡി.പി.ആർ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് |
| (സി) | നാളിതുവരെ പണി ആരംഭിക്കാത്ത എത്ര കോളനികൾ ഉണ്ടെന്നും ഈ പണി ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും എന്നാണ് പണി ഏറ്റെടുത്തതെന്നും വ്യക്തമാക്കാമോ; | (സി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത അംബേദ്കർ ഗ്രാമം പദ്ധതിയിലെ കോളനികളുടെ എണ്ണം-10<br>നിർവ്വഹണ ഏജൻസിയായ (DNK) (ജില്ല നിർമ്മിതി കേന്ദ്രം) 25.03.2017-നാണ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത് |
| (ഡി) | ഇത്ര മാസങ്ങൾക്കകം പണി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള കോളനികളുടെ പദ്ധതി 31.05.2018-ന് മുൻപ് പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.<br>അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ധാരണാപത്രം ഒപ്പിട്ട് 6 മാസത്തിനകം പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>കരാർ ഒപ്പിട്ട് നിർദ്ദിഷ്ട സൈറ്റ് ഏറ്റെടുക്കുന്നത് മുതൽ 6 മാസങ്ങൾക്കകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ